## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5538** | 02.07.2014 - ൽ മറുപടിക്ക്

### ജീവിതശൈലീ രോഗങ്ങൾ

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ :
,, എം. വി. ശ്രേയാംസ് കുമാർ :
,, പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :

(എ) ജീവിതശൈലി രോഗങ്ങളായ പ്രമേഹം, കൊറോണറി ഹാർട്ട് രോഗങ്ങൾ, അർബുദം, വൃക്കരോഗങ്ങൾ എന്നിവയും വാർദ്ധക്യകാല രോഗങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

മറുപടി

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) ഉണ്ട് ; കേരളത്തിൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താദി സമ്മർദ്ദം, ഹൃദ് രോഗങ്ങൾ, അർബുദം, വൃക്കാ രോഗങ്ങൾ എന്നിവ വർദ്ധിച്ചു വരുന്നതായി ഈ മേഖലകളിൽ നിന്നുള്ള പഠനങ്ങളും കണക്കുകളും സൂചിപ്പിക്കുന്നു. കേരളത്തിൽ നടത്തിയിട്ടുള്ള വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് 18% നും 27% നും ഇടയിലുള്ള ജനസംഖ്യ പ്രമേഹ രോഗത്തിന് അടിമപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. രക്താദി സമ്മർദ്ദം അഥവാ ഹൈപ്പർ ടെൻഷൻ 23 നും 38 നും ഇടയിലാണ് എന്നാണ് വിവിധ പഠനങ്ങൾ ചൂണ്ടികാട്ടുന്നത്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലും, ഈ രോഗങ്ങളുടെ സങ്കീർണ്ണ രോഗങ്ങളായ ഹൃദ്രോഗം, വൃക്ക രോഗം തുടങ്ങിയ അനുബന്ധ രോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണമായി തീരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' പദ്ധതിയിലൂടെ 1 കോടി ജനങ്ങളെ സ്ക്രീനിംഗിന് വിധേയരാക്കിയതിൽ 4,95,000 -ത്തോളം പുതിയ രക്താദി സമ്മർദ്ദ രോഗികളെയും 4,03,000 -ത്തോളം പുതിയ പ്രമേഹ രോഗികളെയും കണ്ടെത്തുകയുണ്ടായി. ഇതിനു പുറമെ 23,00,000 -ത്തോളം രക്താദി സമ്മർദ്ദ രോഗികളും 17,00,000 -ത്തോളം പ്രമേഹ രോഗികളും ഇന്ന് ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കളായുണ്ട്.

(.....2)

കേരളത്തിൽ അർബുദരോഗത്തിന്റെ രജിസ്ട്രി (Registry) നിലവിൽ ഇല്ലെങ്കിലും ആർ.സി.സി. തിരുവനന്തപുരത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത് നമ്മുടെ സംസ്ഥാനത്ത് പ്രതിവർഷം 50,000 ത്തോളം പുതിയ കാൻസർ രോഗികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്നും ഒരു ലക്ഷത്തിന് മുകളിൽ ജനങ്ങൾ രോഗബാധിതരായി ചികിത്സ തേടുന്നുവെന്നുമാണ്. ദേശീയ ശരാശരി നോക്കുമ്പോൾ ഇത് വളരെ കൂടുതലാണ്.

സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 12% ത്തോളം ജനത 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ ആണെന്ന് 2011 ലെ കാനേഷുമാരി കണക്കുകൾ സൂചിപ്പിക്കുന്നു. വൃദ്ധജനങ്ങളിൽ 60% ന് മുകളിൽ വരുന്നവർ ഏതെങ്കിലും ജീവിതശൈലീ രോഗമോ, അല്ലെങ്കിൽ വാർദ്ധക്യ സഹജമായ രോഗങ്ങളോ, അവശതയോ അനുഭവിക്കുന്നവരാണ്. എന്നാൽ ഇത് സംബന്ധമായ കണക്കുകൾ ആരോഗ്യ വകുപ്പിൽ ലഭ്യമല്ല.

(ബി) പ്രസ്തുത രോഗങ്ങളുടെ വ്യാപനത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ ഉതകുന്ന കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഉണ്ട്. ജീവിതശൈലീ രോഗങ്ങൾക്ക് എതിരായ ഒരു കർമ്മപദ്ധതി 2012-ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ദേശീയ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. (നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ആന്റ് പ്രിവൻഷൻ ഓഫ് ഡയബറ്റിസ്, ക്യാൻസർ & സ്ട്രോക്ക്) പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 2011 മുതൽ നടപ്പിലാക്കി വരുന്നു. ഈ രണ്ടു പദ്ധതികൾ മുഖേന കേരളത്തിലെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിലും ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും, സ്ക്രീനിംഗ് നടത്തുന്നതിനും സൗകര്യമുണ്ട്. ഇതിനുപുറമേ പി.എച്ച്.സി. സി.എച്ച്.സി. തലത്തിൽ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ വിതരണം ചെയ്യുന്നുമുണ്ട്.

ജീവിതശൈലീ രോഗങ്ങൾ പിടിപെടുന്നതിന് മുമ്പ് തന്നെ അത് തടയുവാനുള്ള ബോധവൽക്കരണം, ഈ രോഗങ്ങൾ ആരംഭദശയിൽ തന്നെ കണ്ടെത്തുന്നത് വഴി രോഗനിയന്ത്രണവും, രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും

(.....3)

സൗജന്യമരുന്നുകളും ഉറപ്പാക്കുന്നതുവഴി ജീവിതശൈലീ രോഗങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ശരിയായ ആഹാരക്രമം, ചിട്ടയായ വ്യായാമം, മദ്യപാനം, പുകവലി എന്നീ ദുഃശീലങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം തുടങ്ങിയവ സംസ്ഥാനത്തെ എല്ലാ സബ്സെന്റർ തലം വരെയും നടത്തി വരുന്നു. ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ, പബ്ലിക് ഹെൽത്ത് നേഴ്സ്, മെഡിക്കൽ ഓഫീസർ, ഡയറ്റീഷ്യൻ എന്നിവർ മുഖേന ഈ ദൗത്യം നടപ്പിലാക്കി വരുന്നു. ഇതിന് അവർക്കാവശ്യമായ പരിശീലനം സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നടത്തിയിട്ടുണ്ട്.

1. സബ്സെന്ററുകളിലും, പ്രൈമറി ഹെൽത്ത് സെന്ററുകളിലും 30 വയസ്സിന് മുകളിൽ പ്രായമായവരെ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗിന് വിധേയമാക്കുക.
2. രോഗം കണ്ടെത്തുന്നവർക്ക് പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി നൽകുന്നു.

വൃദ്ധജനസംരക്ഷണത്തിനായി 5 ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് ഫോർ എൽഡേർലി (എൻ.പി.എച്ച്.ഇ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് "വൃദ്ധജന ആരോഗ്യ പരിപാലന പദ്ധതി" എല്ലാ വർഷവും പദ്ധതി ഇനത്തിൽ (പ്ലാൻ ഫണ്ട്) വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നു.

(സി) ആരോഗ്യ രംഗത്തെ ഇത്തരം വെല്ലുവിളികളെ നേരിടുന്നതിനായി ഒരു പ്രത്യേക വിഭാഗം കെട്ടിപ്പടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ടി ആരംഭിച്ച 'അമൃതം ആരോഗ്യം' എന്ന പദ്ധതിയും, കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് (നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ആന്റ് പ്രിവൻഷൻ ഓഫ് ഡയബെറ്റീസ്, ക്യാൻസർ & സ്ട്രോക്ക്) ഉം ആരോഗ്യ വകുപ്പിലെ ഒരു പ്രത്യേക വിഭാഗമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. സ്റ്റേറ്റ് എൻ.സി.ഡി. സെല്ലിന്റെ ഭരണ ചുമതല ആരോഗ്യ കേരളം മിഷൻ ഡയറക്ടർക്കും അതിന്റെ നിർവഹണ ചുമതല ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുമാണ്.

സെക്ഷൻ ഓഫീസർ